**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2767** **12-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ സംരക്ഷിത വനമേഖലയോട് ചേർന്നുള്ള പരിസ്ഥിതി ലോല മേഖല സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംരക്ഷിത വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന സുപ്രീം കോടതി വിധി തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന വിവരം അറിയിക്കാമോ ? | (എ) | ബഹു.സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, സംരക്ഷിത വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കിയാൽ ആയതിൽ ഉൾപ്പെടാൻ സാധ്യതയുള്ള തൃശ്ശൂർ ജില്ലയിലെ വില്ലേജുകൾ ചുവടെ ചേർക്കുന്നു.<br><br>(1) വരന്തരപ്പിള്ളി<br><br>(2) മറ്റത്തൂർ<br><br>(3) തിരവല്ലാമല<br><br>(4) പീച്ചി<br><br>(5) കണ്ണമ്പ്ര<br><br>(6) ഇളനാട്<br><br>(7) പങ്കരപ്പിള്ളി<br><br>(8) തൊണ്ണൂർക്കര<br><br>(9) ആറ്റൂർ<br><br>(10) മണലിത്തറ<br><br>(11) തെക്കുംകര<br><br>(12) പാണംചേരി<br><br>(13) കരുമാതറ<br><br>ബഹു.സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | ശേഖരിക്കുവാൻ സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട് പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോല മേഖലയെന്ന സുപ്രീം കോടതി നിർദ്ദേശം പ്രാവർത്തികമാക്കിയാൽ തൃശ്ശൂർ ജില്ലയിൽ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഏതെല്ലാം വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ